# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

പി.ആർ.ഒ/35/237/2016 പത്രക്കുറിപ്പ് 2016 നവംബർ 5

### പി.ജി ഏകജാലകം: ഫൈനൽ അലോട്മെന്റിന്റെ രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഏകജാലകംവഴിയുള്ള പി.ജി പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന്റെ രണ്ടാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസ് അടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം നവംബർ 7ന് വൈകുന്നേരം 4 മണിക്കകം കോളജിൽ പ്രവേശനം നേടണം. 7നകം ഫീസ് ഒടുക്കാത്തവരുടെയും കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും.

### പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഡിസംബർ 2ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രമെന്റേഷൻ (2014 അഡ്മിഷൻ റഗുലർ/2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 11 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും സ്വീകരിക്കും.

### പ്രാക്ടിക്കൽ പരീക്ഷ

നാലാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 8 മുതൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

അഞ്ചാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (സി.ബി.സി.എസ്.എസ്) മോഡൽ രണ്ട് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 10 മുതൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. . ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

### പരീക്ഷാ ഫലം

2016 ആഗസ്റ്റ് മാസം നടത്തിയ രണ്ടാം വർഷ ബി.ഫാം റഗുലർ/സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 19 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി (പി.ജി.സി.എസ്.എസ് – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 19 വരെ സ്വീകരിക്കും.

### പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്കായുള്ള കോഴ്സ് ഒന്നും രണ്ടും എഴുത്ത് പരീക്ഷ കോട്ടയം സി.എം.എസ് കോളജിൽ വച്ച് നവംബർ 26, ഡിസംബർ 3 തീയതികളിലും, കോഴ്സ് മൂന്നിന്റെ പരീക്ഷ അതത് ഗവേഷണ കേന്ദ്രങ്ങളിൽവച്ച് ഡിസംബർ 10നും ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടത്തും. ഹാൾ ടിക്കറ്റ് യൂണിവേഴ്സിറ്റി വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യണം. കോഴ്സ് ഒന്ന്, രണ്ട് ഇവയുടെ ഇന്റേണൽ മാർക്കുകൾ സർവ്വകലാശാലയിൽ ഡിസംബർ 13 വരെയും കോഴ്സ് മൂന്നിന്റെ ഇന്റേണൽ/എക്സ്റ്റേണൽ മാർക്കുകൾ 2017 ജനുവരി 2 വരെയും സമർപ്പിക്കാം. ഇന്റേണൽ മാർക്കുകൾ നിശ്ചിത സമയത്ത് സമർപ്പിക്കാത്ത ഗവേഷണ കേന്ദ്രങ്ങൾ 10 ദിവസം വരെ ഒരു വിദ്യാർത്ഥിക്ക് 500 രൂപയും

അതിന് ശേഷം ഫലം പ്രഖ്യാപിക്കുന്നതുവരെ 1000 രൂപയും പിഴയൊടുക്കണം. ഫലം പ്രഖ്യാപിച്ചതിന് ശേഷം ഇന്റേണൽ മാർക്കുകൾ സ്വീകരിക്കുന്നതല്ല.

## സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

1. സ്വയം ഭരണ കോളജുകളുടെ പ്രവർത്തനത്തെപ്പറ്റി പഠിക്കുവാൻ നിയോഗിച്ച സിൻഡിക്കേറ്റ് ഉപസമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു. സ്വയം ഭരണ കോളജുകളിലെ വിദ്യാർത്ഥി പ്രവേശനം സർവ്വകലാശാലയിലെ ഏകജാലക സംവിധാനം വഴിയാക്കുന്നതിനും പുതിയ കോഴ്സുകൾ ഉൾപ്പെടെയുള്ള ഈ കോളജുകളുടെ പ്രവർത്തനം സർവ്വകലാശാല ചട്ടങ്ങൾക്ക് അനുസൃതമായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുവാനും തീരുമാനിച്ചു.

2. സർവ്വകലാശാലയുടെ കീഴിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കും തുടർച്ചയായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് സർവ്വകലാശാലാ അക്കാദമിക് സ്റ്റാഫ് കോളജ് ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും.

3. മൂന്നാർ ഗവൺമെന്റ് കോളജിലെ അഞ്ച് വിദ്യാർത്ഥിനികളുടെ കോപ്പിയടി സംബന്ധിച്ച മുൻ സിൻഡിക്കേറ്റ് സമിതി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് റദ്ദാക്കുവാൻ തീരുമാനിച്ചു. വിദ്യാർത്ഥിനികൾക്കെതിരെ ദുരുദ്ദേശപരമായി കോപ്പിയടി ആരോപണം ഉന്നയിച്ച ആനന്ദ് വിശ്വനാഥൻ എന്ന അദ്ധ്യാപകനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശത്തോടുകൂടിയ പുനരന്വേഷണ റിപ്പോർട്ട് ഈ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു.

4. സ്വകാര്യ കോളജ് അദ്ധ്യാപകർക്ക് 2010 മുതൽ ലഭിക്കേണ്ട പ്രമോഷൻ പ്ലെയ്സ്മെന്റുകൾ അടിയന്തിരമായി ലഭ്യ മാക്കാനുള്ള ചട്ടങ്ങൾ രൂപീകരിക്കാൻ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. പി.കെ. പദ്മകുമാർ, പ്രൊഫ. വി. എസ് പ്രവീൺകുമാർ, ഡോ. എ. ജോസ് എന്നിവരടങ്ങിയ സിൻഡിക്കേറ്റ് സമിതിയെ ചുമതലപ്പെടുത്തി.

5. കൊമേഴ്സ് യു.ജി./പി.ജി പാഠ്യപദ്ധതിയിൽ, നീക്കം ചെയ്യപ്പെട്ട വെൽത്ത് ടാക്സ് ആക്ട്–1957, കമ്പനീസ് ആക്ട്–2013 എന്നിവ പുനക്രമീകരിക്കുവാൻ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിനെ ചുമതലപ്പെടുത്തി.

6. ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകർക്ക് പ്രതിഫലം ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പരീക്ഷാ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

7. സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളുടെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം ഇറക്കും.

സിൻഡിക്കേറ്റ് യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**